2. ഗിൽനെറ്റ് ഒഴിച്ച് ബാക്കി എല്ലാ മത്സ്യബന്ധനരീതികളും രാത്രികാലത്ത് നിരോധിക്കുക.

3. 1988-നുശേഷം അടുത്ത മൂന്നു വർഷക്കാലം ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ടെറിട്ടോറിയൽ അതിർത്തിക്കുള്ളിൽ ട്രോളിംഗ് മത്സ്യബന്ധനരീതി പൂണ്ണമായും നിരോധിക്കുകയും അതിന്റെ ഫലങ്ങൾ ടി മൂന്ന് വർഷവും നിരീക്ഷിച്ചു പഠിക്കുകയും വേണം.

4. റിംഗ്വല ടെറിട്ടോറിയൽ അതിർത്തിക്കുള്ളിൽ നിരോധിക്കുക.

5. ഫിഷറീസ് വകുപ്പിൽ ഒരു റിസോഴ്സ് മാനേജ്മെന്റ് സെൽ സംഘടിപ്പിക്കുക.

(ബി) ഇല്ല.

(സി) ബാധകമല്ല.

**3 (3448) മത്സ്യഭവനുകൾ**

<u>ശ്രീ. പി. രാജു</u> :
<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> :
<u>ശ്രീമതി ആർ. ലതാദേവി</u> :
<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> :

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ മത്സ്യഭവനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണമെന്ന് അറിയിക്കുമോ;

(ബി) മത്സ്യഭവനുകൾവഴി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 100 എണ്ണം

(ബി) വിശദമാക്കാം. പഞ്ചായത്ത്തലത്തിൽ, ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളും മത്സ്യഫെഡ്, മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡ് എന്നിവയുടെ ഓഫീസുകളും ഒരു മേൽക്കൂരയ്ക്കുകീഴിൽ കൊണ്ടു വന്ന് ഏകജാലക സംവിധാനം നടപ്പാക്കുന്നതിനുവേണ്ടിയാണ് മത്സ്യഭവനുകൾക്ക് രൂപം നൽകിയിരിക്കുന്നത്. ഫിഷറീസ് വകുപ്പുവഴി നടപ്പിലാക്കുന്ന എല്ലാ വികസന-ക്ഷേമ പ്രവർത്തനങ്ങളും, മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡു വഴി നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങളും, മത്സ്യ ഫെഡ് മുഖേനയുള്ള സഹായ പദ്ധതികളും മത്സ്യഭവനുകൾ വഴിയാണ് നടപ്പിലാക്കി വരുന്നത്.

**4 (3452) നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്പ്മെന്റ് കൗൺസിൽ**

<u>ശ്രീ. ബാബു ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly